പ്രൈമറി പാഠ്യ പദ്ധതിയുടെ നിലവാരം

83 (2022) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പ്രൈമറി പാഠ്യപദ്ധതിയുടെ നിലവാരം സംബന്ധിച്ചു പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കേന്ദ്ര സിലബസിനു തുല്യമായി പ്രൈമറി പാഠ്യ പദ്ധതി പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഈ വിഷയം പഠിക്കുന്നതിന് സർക്കാർ പ്രത്യേക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ സമിതിയുടെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൈമറി പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ, മൂല്യ നിർണ്ണയരീതി തുടങ്ങിയവ പരിശോധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 27-6-2001-ൽ ഡോ. എ. സുകുമാരൻ നായർ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ട് മുമ്പ് നിയമസഭയിൽ സമർപ്പിച്ചിരുന്നു.

(സി) കേന്ദ്ര സിലബസ്സിനേക്കാൾ മെച്ചപ്പെട്ട സിലബസ്സ് രൂപപ്പെടുത്തണമെന്ന ധാരണയിലാണ് പരിഷ്ക്കരണം നടപ്പാക്കുന്നത്.

(ഡി) ഉണ്ട്. ഡോ. എ. സുകുമാരൻ നായർ അദ്ധ്യക്ഷനായ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രധാന കണ്ടെത്തലുകൾ

മേന്മകൾ

1. വിദ്യാർത്ഥി കേന്ദ്രീകൃത, പ്രവർത്തനാധിഷ്ഠിത പ്രക്രിയാബന്ധിത സമീപനം സ്വീകരിച്ചിരിക്കുന്നതു പഠന ബോധന പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇട നൽകിയിട്ടുണ്ട്.

2. പഠിതാവിന്റെ പ്രകൃതം കണക്കിലെടുത്തുകൊണ്ടുള്ള കൂട്ടായ്മ അവസരം കൊടുത്തുകൊണ്ടുള്ള പഠനം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

3. അദ്ധ്യാപക പരിശീലനങ്ങൾ നൽകിയത് അദ്ധ്യാപകരിൽ കൂടുതൽ ആത്മവിശ്വാസം ഉണ്ടാക്കിയിട്ടുണ്ട്.

4. പഠിതാക്കളുടെ സ്വയം പഠന ശേഷി കൂടുതൽ മെച്ചപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly